# പൊലേപ്പള്ളി സെസ്സ്
# കർഷകരുടെ കണ്ണുനീർ

**പൊലേപ്പള്ളിയിലെ പാവപ്പെട്ട കർഷകരുടെ ഭൂമി സെസ്സിന്റെ പേരിൽ പിടിച്ചുപറിക്കുന്നതിൽ പ്രതിഷേധിക്കുക**




ദ്രോഹിക്കപ്പെടുകയും ആദേശം ചെയ്യപ്പെടുകയും ചെയ്യപ്പെട്ട മെഹബൂബ് — പൊലേപ്പള്ളി ഗ്രാമത്തിലെ കർഷകർ അഞ്ചുവർഷമായി ദുരിതത്തിലാണ്. ബലം പ്രയോഗിച്ച് ആന്ധ്രാപ്രദേശ് വ്യവസായ കോർപ്പറേഷനുവേണ്ടി ഭൂമി പിടിച്ചെടുക്കുന്നതിനെതിരാണ് അവർ.

2001-ലാണ് ആന്ധ്രാ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള APIIC മുദുറെഡിപ്പള്ളി, ഗുണ്ടലഗസ്റ്റ, പൊലേപ്പള്ളി ഗ്രാമങ്ങളിലുള്ള 1000 ഏക്കർ ഭൂമി നോട്ടമിട്ടത്.

തുടക്കത്തിൽ ഗ്രാമവാസികളോട് പറഞ്ഞത് ഒരു ഗ്രീൻപാർക്ക് തുടങ്ങുമെന്നാണ്. 2003-ൽ APIIC ധൃതിയിൽ ഭൂമി പിടിച്ചെടുക്കാൻ തുടങ്ങി. പിന്നീട് ഗ്രാമവാസികളോട് പല കുണ്ഡിത മാർഗ്ഗങ്ങളുപയോഗിച്ച് അവരുടെ ഭൂമി നേടിയെടുത്തു. 2005-ൽ പ്രത്യേക സാമ്പത്തിക മേഖലകൾ നിയമം (SEZ Act 2005) നിലവിൽ വന്നതോടെ 250 ഏക്കർ വ്യാപിച്ചുകിടന്ന പൊലേപ്പള്ളിയിലെ ഭൂമി ഫാർമസ്യൂട്ടികൽ സ്പെഷ്യൽ എകണോമിക് സോണിനുവേണ്ടി പിടിച്ചെടുത്തു.

ദേശിയവും അന്തർദേശിയവുമായ കുത്തക കോർപ്പറേറ്റ് താൽ പ്പര്യം സംരക്ഷിക്കാനുള്ളതാണ് SEZ. പൊലേപ്പള്ളിയിൽ ഇതിനൊരു ജാതീയ വശം കൂടിയുണ്ട്. ദളിതരുടെയും ഗോത്രവർഗ്ഗക്കാരുടെയും മറ്റ് പിന്നോക്കക്കാരുടെയും ഭൂമിയാണ് ഇവിടെ പിടിച്ചെടുത്തിരിക്കുന്നത്. മേൽജാതിക്കാരുടെ സ്ഥലം മുഴുവൻ ഒഴിവാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ SEZ പൊലേപ്പള്ളി അങ്ങേയറ്റം ജാതീയ മുതലാളിത്ത താൽപ്പര്യസംരക്ഷണമാണ് നടത്തുന്നത്. രാഷ്ട്രീയ, ഭരണതല പത്രവ്യവസായ ബന്ധങ്ങളുടെ സ്വാധീനം മേൽജാതിക്കാർ വേണ്ടുംവിധം ഉപയോഗിക്കുന്നു. ജനങ്ങളുടെ താൽപ്പര്യം പണചാക്കുകളുടെ താൽപ്പര്യത്തിന് വഴങ്ങിക്കൊടുക്കുന്നു.

SEZ സാധാരണ ജനങ്ങളുടെ ആയിരക്കണക്കിന് ഏക്കർ കൊള്ളയടിക്കാനാണ് എത്തിയിരിക്കുന്നത്. ഭരണഘടനയിലെ വാഗ്ദാനങ്ങളെ കാറ്റിൽ പറത്തി, സർക്കാരുകൾ ഭൂമി തെരകുകാരനെപ്പോലെയാണ് പെരുമാറുന്നത്. സ്വാശ്രയത്തി (Self reliance)ൽ നിന്നകന്ന് 'റിലയൻസിനെ' സഹായിക്കുന്ന അവസ്ഥയിലേക്ക് ഭരണകർത്താക്കൾ പോയിരിക്കുന്നു. റിലയൻസ്, ടാറ്റ, അരബിന്ദോ, അഡിഡാസ്, സത്യം, സലിം ഗ്രൂപ്പ്, വിപ്രോ എന്നിവയാണ് പ്രധാനം. കോടിക്കണക്കിന് പാവപ്പെട്ട ജനങ്ങളെ അവഗണിച്ച് നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെ സാധാരണക്കാരുടെ വസ്തു കൊള്ളചെയ്യുന്ന മാഫിയകളായി സർക്കാർ മാറി. 5 ഏക്കറിന് 5000-6000 രൂപയ്ക്ക് ജനങ്ങളുടെ ഭൂമി തട്ടിപ്പറിച്ച് SEZ-

ന് കൈമാറുന്നു.

നാൽപ്പത്തൊന്ന് കൃഷിക്കാർ ഇക്കാരണത്താൽ ആത്മഹത്യ ചെയ്തു. അത്മാഭിമാനമുള്ള കൃഷിക്കാർ സ്വന്തംനാട്ടിൽ തെണ്ടികളായി മാറി. അവർക്കവകാശപ്പെട്ടിരുന്ന സ്ഥലത്ത് അവരിപ്പോൾ SEZ-ന് വേണ്ടി ജോലിചെയ്യുന്നു. ഇന്ദിരാഗാന്ധിയുടെ കാലത്ത് ഇവിടെ 300 ഏക്കർ ഭൂമി ദളിതർക്ക് പതിച്ചുനൽകിയിരുന്നു. ഇപ്പോഴത്തെ ഇന്ദിരാമ്മ രാജ്യം (രാജശേഖര റെഡ്ഡി-സോണിയ) അവരെ പാപ്പരും അവരുടെ സ്ത്രീകളെ വിധവകളും മക്കളെ അനാഥരും ആക്കിയിരിക്കുന്നു.

പ്രശ്ന ബാധിതർ രാഷ്ട്രീയ പാർട്ടികളോടും ഉദ്യോഗസ്ഥരോടും നീതിക്കായി കേണു. നിഷ്ഫലം. സ്വന്തം സ്ഥലം കൈവിട്ടതോടെ വാഗ്ദാനം ചെയ്യപ്പെട്ട നല്ലവീടും ജോലിയും വഴുതിപ്പോയി. പൊലേപ്പള്ളി കർഷകരുടെ മരണത്തിന് തെലങ്കാന രാഷ്ട്രീയസമിതി അടക്കം എല്ലാ രാഷ്ട്രീയ പാർട്ടികളും ഉത്തരവാദികളാണ്.

വഞ്ചിതരായ കൃഷിക്കാർ 2008-ലെ ഉപതെരഞ്ഞെടുപ്പിൽ പ്രതികരിച്ചു. പാവപ്പെട്ട കർഷർക്കിടയിൽനിന്ന് 13 പേർ ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചു. SEZ പ്രഭുക്കന്മാർക്ക് വേണ്ടി പാവപ്പെട്ട കർഷകരെ കൊള്ളയടിച്ചതും ചൂഷണം ചെയ്തതും അവർ ലോകത്തോട് പറഞ്ഞു. എല്ലാ പാവപ്പെട്ടവരെയും പതുക്കെ നശിപ്പിക്കയാണ് SEZ-ന്റെ ലക്ഷ്യമെന്നും, പ്രകൃതിവിഭങ്ങൾ കൊള്ളയടിക്കപ്പെട്ടണമെന്നും അവർ സാധാരണക്കാരെ പറഞ്ഞുമനസ്സിലാക്കി. പ്രമുഖരായ രാഷ്ട്രീയകക്ഷികളെ നേരിടുക ചെറിയകാര്യമല്ല. പൊലേപ്പള്ളിയിൽനിന്ന് മത്സരിക്കുന്നവരെ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പീഡിപ്പിച്ചു. പാവങ്ങളെ സംഭീതരാക്കി. തെരഞ്ഞെടുപ്പിൽനിന്ന് പിന്മാറി കോൺഗ്രസ്സിനെ സഹായിച്ചില്ലെങ്കിൽ അനന്തരഫലം കഠിനമായിരിക്കുമെന്ന് ഭീഷണിപ്പെടുത്തി. സ്ഥാനാർത്ഥികൾക്ക് ഉച്ചഭാഷണി നിഷേധിച്ചു. സമ്മേളനങ്ങൾ നിരോധിച്ചു. സ്ഥാനാർത്ഥികളെ തട്ടിക്കൊണ്ടുപോയി. തദ്ദേശിയരുടെ പ്രേരണകൊണ്ടും പത്രങ്ങളിലൂടെയുള്ള പ്രചരണം ഭയന്നും അവരെ മോചിപ്പിച്ചു. എല്ലാ രാഷ്ട്രീയ കക്ഷികളും പൊലേപ്പള്ളിയിലെ ജനാധിപത്യ വിധ്വംസനത്തെ നിശ്ശബ്ധരായി സഹായിക്കുകയാണ്.

"പൊലേപ്പള്ളി 13" എന്ന പേരിൽ സ്ഥാനാർത്ഥികൾ പ്രശസ്തരായി. ജനങ്ങളുടെ അവബോധത്തിൽ വിശ്വസിച്ച് അവർ ഭരണകക്ഷികളെ വെല്ലുവിളിച്ചു. 8600 വോട്ടുകൾ നേടി അവർ നിരീക്ഷകരെ അമ്പരപ്പിച്ചു.

പൊലേപ്പള്ളി ജനങ്ങളുടെ പിന്തുണ നേടിയെടുത്തു. SEZ വിരുദ്ധ പ്രവർത്തകർ പൊലേപ്പള്ളി സന്ദർശിച്ചു. പത്രങ്ങൾ സമരത്തെക്കുറിച്ച് വിശദമായി എഴുതി. APIIC-ക്ക് മുമ്പിൽ ധർണ്ണയ്ക്ക് 200 കർഷകർ ഉണ്ടായിരുന്നു. ചില രാഷ്ട്രീയ കക്ഷികൾ ഇപ്പോൾ പൊലേപ്പള്ളിയിലെ ക്രൂരതകളെക്കുറിച്ച് സംസാരിക്കുന്നുണ്ട്.

ഇന്നും ചൂഷണവും ദാരിദ്ര്യവും പൊലേപ്പള്ളിയിൽ തുടരുന്നു. ഒരു സ്ത്രീ ഈയിടെ ആത്മഹത്യയ്ക്ക് ശ്രമിച്ചു.

SEZ-ന് എതിരെയുള്ള കർഷക സമരത്തിന്റെ ഐക്യദാർഢ്യം പ്രഖ്യാപിക്കാനുള്ള സമയം ഇതാണ്. ധനം വാരിക്കൂട്ടാനുള്ള ദൂരം നിവർത്തിക്കാൻ പാവപ്പെട്ടവരുടെ ആത്മാഭിമാനം ബലി കൊടുക്കാനാവില്ല. പൊലേപ്പള്ളിയിലെ പാവപ്പെട്ട കർഷകരിൽനിന്നും പിടിച്ചെടുത്ത ഭൂമി തിരിച്ച് കൊടുക്കണം. SEZ പൊലേപ്പള്ളിയിൽ വേണ്ടേവേണ്ട.

## പൊലേപ്പള്ളി ലംഘനങ്ങൾ

ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ബലമായി ഏറ്റെടുക്കൽ. APIIC-ക്കുവേണ്ടി 1000 ഏക്കർ എതിർപ്പുകൾ തൃണവൽക്കരിച്ച് ഏറ്റെടുത്തു.

പ്രാദേശിക ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ബലപ്രയോഗതന്ത്രങ്ങൾ.

ജനങ്ങളെ ഭീഷണിപ്പെടുത്തിയും തെറ്റിദ്ധരിപ്പിച്ചും MLA അടക്കമുള്ളവർ ജനങ്ങളിൽനിന്നും ഭൂമി ഏറ്റെടുത്തു.

ബന്ധപ്പെട്ട സമൂഹങ്ങളെ യഥാർത്ഥ വിവരങ്ങളറിയിച്ചില്ല. SEZ-നെ കുറിച്ചോ APIIC ഗ്രീൻവ്യവസായ പാർക്കിനെക്കുറിച്ചോ യാതൊരു വിവരവും ജനങ്ങൾക്ക് കൈമാറിയില്ല. ഇവരണ്ടും രണ്ടാണോ ഒന്നാണോ എന്ന് പ്രശ്നബാധിതർക്കറിയില്ല.

**SC, ST, BCക്കാരുടെ ഭൂമി ഏറ്റെടുക്കൽ.**

ഇന്ദിരാഗാന്ധിയുടെ കാലത്ത് ദളിതർക്ക് നൽകിയ 300 ഏക്കർ ഭൂമി ഏറ്റെടുത്ത 1000 ഏക്കറിൽ പെടും. ഈ വസ്തുക്കൾ 'കൈമാറാൻ പറ്റാത്തതാണ്' എന്ന നിയമം സർക്കാർ തന്നെ തിരുത്തി. പാവപ്പെട്ട കർഷകരുടെ ഒരേയൊരു ധനാഗമനമാർഗ്ഗം തകർത്തു.

പ്രതിഫലത്തുകയുടെ അസന്തുലിതാവസ്ഥയും അതിർത്തിവിട്ട അഴിമതിയും.

പലതരത്തിലാണ് ഭൂമിക്ക് പ്രതിഫലം നൽകിയത്. ചിലർക്ക് 18000 രൂപ കൊടുത്തപ്പോൾ മറ്റുള്ളവർക്ക് 1.25 ലക്ഷം കിട്ടി. ഈ ഭൂമി തന്നെ ഏക്കറിന് 60 ലക്ഷം രൂപക്കാണ് സ്വകാര്യകമ്പനികൾക്ക് കൊടുത്തത്. പ്രതിഫലം മുഴുവൻ ലഭിക്കാത്ത കർഷകരുമുണ്ട്. 15 കുടുംബങ്ങൾക്ക് ഒന്നും ലഭിച്ചില്ല.

പരിസ്ഥിതി നിജപ്പെടുത്തലിന് തെളിവെടുപ്പ് നടത്തിയിട്ടില്ല. അരവിന്ദോ ഫാർമ തുടങ്ങിയവർ ഫാക്ടറി പണി തുടങ്ങിയെങ്കിലും ആവശ്യമായ പൊതുതെളിവെടുപ്പ് നടത്തിയിട്ടില്ല.

കർഷകരുടെ അസാധാരണ മരണത്തെക്കുറിച്ച് പൊതുതെളിവെടുപ്പ് നടത്തിയില്ല. ഈ ഗ്രാമങ്ങളിൽ വരൾച്ച മൂലമോ മറ്റ് പ്രകൃതി ക്ഷേമങ്ങൾ മൂലമോ ആത്മഹത്യകളുണ്ടായിട്ടില്ല. SEZ-ന് ശേഷം 41 അസ്വാഭാവിക മരണങ്ങളുണ്ടായി. ദേശക്കാർ പറയുന്നത് കടംകൊണ്ടും ദാരിദ്ര്യം കൊണ്ടുമാണ് ആത്മഹത്യകളുണ്ടാവുന്നതെന്നാണ്. കടവും ദാരിദ്രവും കൃഷിഭൂമി നഷ്ടപ്പെട്ടതുകൊണ്ടാണുണ്ടായത്. അസ്വാഭാവിക മരണങ്ങളെക്കുറിച്ച് യാതൊരു അന്വേഷണവും ഇതുവരെ ഉണ്ടായിട്ടില്ല.

(പരിഭാഷ : കാര്യാടൻ)